**വനങ്ങളിലെ കൊമ്പനാനകളുടെയും പിടിയാനകളുടെയും അനുപാതം**

125 (1924) ശ്രീ. ജോർജ്. ജെ. മാത്യു :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനങ്ങളിലെ കൊമ്പനാനകളുടെയും പിടിയാനകളുടെയും അനുപാതം സാധാരണഗതിയിൽ എത്രയായിരിക്കണമെന്നാണ് നിജപ്പെടുത്തിയിട്ടുള്ളത് ;

(ബി) സംസ്ഥാനത്തെ വനങ്ങളിലുള്ള ആനകളുടെയിടയിൽ ഈ അനുപാതം നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ ആയതിനുള്ള കാരണമെന്ത് ;

(ഡി) കൊമ്പനാനകളുടെ എണ്ണം കുറയുന്ന പക്ഷം ആനകളുടെ പ്രജനന നിരക്ക് കുറയുവാനിടയുണ്ടോയെന്ന് പരിശോധിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) വനങ്ങളിലെ കൊമ്പനാനകളുടെയും പിടിയാനകളുടെയും അനുപാതം സാധാരണഗതിയിൽ 1:2 മുതൽ 1:5 വരെയാണ്.

(ബി) ഉണ്ട്.

(സി) ചോദ്യമുദിക്കുന്നില്ല.

(ഡി) കൊമ്പനാനകളുടെ എണ്ണം കുറയുന്ന പക്ഷം ആനകളുടെ പ്രജനന നിരക്ക് കുറയുവാനിടയുണ്ടോയെന്ന് പരിശോധിക്കുന്നതാണ്.

**വനങ്ങളിൽ കണ്ടെത്തുന്ന ആനകളുടെ ജഡങ്ങൾ**

126 (1925) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനങ്ങളിൽ ആനകളുടെ ജഡം നിരന്തരം കാണപ്പെടാറുണ്ടോ ;

(ബി) ഇക്കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കണ്ടെത്തിയ ജഡങ്ങളുടെ പരിശോധനയിൽ നിന്നും അവ കൊല്ലപ്പെടുകയാണോ അതോ സ്വാഭാവികമായി ചരിഞ്ഞതാണോ എന്ന് തെളിഞ്ഞിട്ടുണ്ടോ ;



LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരത്തിൽ കണ്ടെത്തിയ ജഡങ്ങളിൽ എത്രയെണ്ണം കൊമ്പനാനകളുടേതായിരുന്നു ;

(ഡി) അവയ്ക്ക് കൊമ്പ് ഉണ്ടായിരുന്നുവോ ;

(ഇ) ഇല്ലാത്തപക്ഷം ആയത് സംബന്ധിച്ച് കേസ് എടുത്തിട്ടുണ്ടോ ;

(എഫ്) ഇക്കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ഇപ്രകാരമുള്ള എത്ര കേസ്സുകൾ എടുത്തിട്ടുണ്ട് എന്നും പ്രസ്തുത കേസുകളിലെ പ്രതികളെ പിടികിട്ടിയിട്ടുണ്ടോ എന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ആകെ 96 ആനകളുടെ ജഡങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്. പരിശോധനയിൽ ഇതിൽ 12 എണ്ണം കൊല്ലപ്പെട്ടതും 25 എണ്ണം അപകട മരണങ്ങളും 59 എണ്ണം സ്വഭാവിക മരണവും സംഭവിച്ചിട്ടുള്ളതുമാണ്.

(സി) 46 എണ്ണം.

(ഡി) അവയിൽ 12 എണ്ണത്തിന് കൊമ്പുകൾ നഷ്ടപ്പെട്ട അവസ്ഥയിലായിരുന്നു.

(ഇ) കേസ് എടുത്തിട്ടുണ്ട്.

(എഫ്) ഇക്കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ആകെ 36 കേസ്സുകൾ എടുത്തിട്ടുണ്ട്. ഇവയിൽ 21 കേസുകളിലായി ആകെ 86 പ്രതികളെ അറസ്റ്റു ചെയ്യുകയുണ്ടായി. 15 കേസ്സുകളിൽ അന്വേഷണം നടന്നു വരുന്നു. പ്രതികളെ കണ്ടെത്തിയിട്ടില്ല.

## വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

127 (1926) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൃഷിക്കും വസ്തുവകകൾക്കും നഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ഇപ്പോഴും നൽകാറുണ്ടോ ;

(ബി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരിച്ചവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും എന്തെല്ലാം സഹായങ്ങൾ നൽകി വരുന്നു ;

(സി) വടക്കേ വയനാട് നിയോജക മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൃഷിയും വസ്തുവകകളും നഷ്ടം സംഭവിച്ചവർക്കും വന്യ മൃഗങ്ങളുടെ ആക്രമണത്തിൽ മരിച്ചവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കുമായി എത്രപേർക്ക് നഷ്ടപരിഹാരം ലഭിക്കാനുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly